## ജാതി സർട്ടിഫിക്കറ്റ്.

വില്ലേജ് ആഫീസർക്കാണ് ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകേണ്ടത്.പട്ടിക ജാതി / പട്ടിക വർഗ്ഗ സർട്ടിഫിക്കറ്റുകൾ നൽകുന്നത് തഹസിൽദാരാണ്. മറ്റു ജാതി സർട്ടിഫിക്കറ്റുകൾ സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിലേക്കുള്ളത് നൽകാൻ വില്ലേജ് ആഫീസർക്ക് അധികാരമുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടത് തഹസിൽദാരാണ്.

അഞ്ചു രൂപയുടെ കോർട്ടു ഫീ സ്റ്റാംപ് ഒട്ടുച്ച് വെള്ള കടലാസിൽ അപേക്ഷ നൽകിയാൽ മതി. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാരെ കോർട്ടു ഫീ സ്റ്റാംപ് പതിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതോടൊപ്പം ജാതി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുളോ മറ്റ് ഏതെങ്കിലും രേഖകളോ ലഭ്യമാണങ്കിലും അവ കൂടി ഹാജരാക്കുന്നത് നന്നായിരിക്കും.

ജാതി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ, ഗസറ്റ് പരസ്യങ്ങൾ തുടങ്ങിയവ ആധാരമാക്കി നടത്തുന്ന അന്വേഷണത്തിന്റെ വെളിച്ചത്തിലായിരിക്കും ജാതി സർട്ടിഫിക്കറ്റുകൾ
നൽകുന്നത്

പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ വിദ്യാഭ്യാസ ആവശ്യത്തിനും, ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന ആനുക്കൂല്യത്തിനും, സർക്കാർ ഉദ്യോഗത്തിനും, ജാതി സർട്ടിഫിക്കറ്റിനും അപേക്ഷിക്കുന്നവർ അവരവരുടേയും, കുടുംബത്തിന്റേയും വിശദ വിവരങ്ങളും, അവർ ഏതു ജാതി, മതത്തിൽ ജീവിച്ചുവരുന്നു എന്നുള്ള വിവരങ്ങളും വെള്ള കടലാസ്സിലെഴുതി ബന്ധപ്പെട്ട തഹസിൽദാർക്ക നൽകേണ്ടതാണ്. തഹസിൽദാർ സർട്ടിഫിക്കറ്റുകൾ
നൽകുന്നതാണ്.

മിശ്രവിവാഹിത ദമ്പതികളിൽ ഏതെങ്കിലും ഒരാൾ പട്ടിക ജാതിയിലോ, പട്ടിക വർഗ്ഗത്തിലോ ഉൾപ്പെട്ടതായാൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് എല്ലാ കാര്യങ്ങളിലും പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തി ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടതാണങ്കിൽ കുട്ടികൾക്ക് പിന്നാക്ക സമുദായത്തിന് ലഭിച്ച ആനുകൂല്യങ്ങൾ നൽകുന്നതാണ്.*വിവാഹ മോചനം നേടിയ മിശ്രവിവാഹിതരാണങ്കിൽ കുട്ടികൾക്ക് ആനുകൂല്യങ്ങൾ* നൽകുന്നതാണ്.

*ജാതി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന വ്യക്തി മറ്റൊരു ജില്ലയിലോ താലൂക്കിലോ ജനിച്ചു വളർന്ന* കേസ്സുകളിൽ അവർ ജനിച്ചു വളർന്ന താലൂക്കി

ൽ നിന്ന് അവർ ഏത് ജാതി/മതത്തിൽ പെട്ടവരാണെന്നുള്ളു സർട്ടഫിക്കറ്റുകൾ കൂടി ഹാജരാക്കേണ്ടതാണ്. അതനുസരിച്ച് ഇപ്പോൾ താമസിക്കുന്ന ാതാലൂക്കിൽ / വില്ലേജിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

***മതപരിവർത്തനം നടത്തിയിട്ടുള്ള അപേക്ഷകൾ ജാതി സർട്ടിഫിക്കറ്റിനുവേണ്ടി ഹാജരാേക്കണ്ട രേഖകൾ***

പട്ടിക ജാതിക്കാരുടെ ലിസ്റ്റിൽ നിന്നും കൃസ്തുമതം ാ സ്വീകരിച്ച ആളികൾക്ക് തിരികെ മതപരിവർത്തനം നടത്തി ഹിന്ദു മതം സ്വീകരിക്കുന്നതിന് ചുവടെ പറയുന്ന േരഖകൾ ഹാജരാക്കേണ്ടതാണ്.

1. ശുദ്ധി സർട്ടഫിക്കറ്റു്
2. ശുദ്ധി കർമ്മത്തിൽ സംബന്ധിച്ച ആളുടെ പൂർണ്ണമായ പേരും, മേൽവിലാസവും.
3. അപേക്ഷകൻ മതപരിവർത്തനം നടത്തിയതിനുള്ള ഗസറ്റ് വിജ്ഞാപനം .

***നിയമാനുസൃതമല്ലാത്ത ദത്തെടുക്കുന്ന കുട്ടികളുടെ ജാതി സ്ഥിതി കണക്കാക്കുന്നാരീതി***

ജന്മം നൽകിയ മാതാപിതാക്കളെപ്പറ്റി നിശ്ചയമില്ലാത്തതോ, ബാല്യത്തിൽ അനാഥരാകുകയോ ചെയ്ത കുഞ്ഞുങ്ങളെ ദത്തെടുക്കൽ നിയമപ്രകാരമല്ലാതെ സ്വേച്ഛയാ എടുത്തു വളർത്തുന്ന കെസ്സുകളിൽ വളർത്തു മാതാപിതാക്കൾ ഒരേ ജാതിക്കാരണങ്കിൽ എടുത്തു വളർത്തുന്ന കുട്ടിക്ക് അവരുടെ ജാതി ലഭിക്കും. അല്ലെങ്കിൽ അവരുടെ ജാതികളിൽ ഏതു ജാതിയിലാണോ കൂടി വളർന്നുവരുന്നത് ആ ജാതിലസിദ്ധിക്കുമെന്നും, വളർത്തുമാതാപിതാക്കൾ നിയമാനുസൃതം വിവാഹിതരായിട്ടില്ലങ്കിൽ എടുത്തു വളർത്തിയ കുട്ടിക്ക് വളർത്തമ്മയുടെ ജാതി സ്ഥിതി സിദ്ധിക്കും.

( സർക്കുലർ ന്. 11196/ജി1 / എച്ച്. പി. എച്ച്. ബി. ബി. എഫ്. ബി തീയതി 19.5.2000)

***കേരളത്തിലെ പട്ടികജാതിക്കാർ***

1. ആദി ആന്ധ്ര.
2. ആദി ദ്രാവിഡ
3. ആദി കർണ്ണാടക
4. അജില.
5. അരുന്ധതിയാർ
6. അയായനവർ
7. ബൈര.
8. ബകുഡ
9. ബാൻധി.
10. ബതട
11. ബല്ലാറ
12. ഭരതർ

13. ബോയൻ ( പഴയ മലബാർ ജില്ലാ ഒഴികെ )
14. ചക്കിലൻ
15. ചാമർ, മുച്ചി.
16. ചണ്ഡാല
17. ചെറുമൻ
18. ഡോംബൻ
19. ഗവറ
20. ഗൊഡഗാളി.
21. ഗൊഡ
22. ഗോസാംഗി
23. ഹസ്ല
24. ഹോളയ
25. കടൈയൻ
26. കാക്കാലൻ
27. കല്ലാടി.
28. കന്നകൻ, പടൻ
29. കരിംപാലൻ
30. കവറ
31. കൂസ
32. കൂഡൻ, കുഡൻ
33. കുടുംബൻ
34. കുറവൻ, സിദ്ധനൻ
35. മൈല
36. മലയാർ ( പഴയ മലബാർ ജില്ലാ ഒഴികെ )
37. മണ്ണാൻ
38. മാവിലൻ
39. മോഗർ
40. മുണ്ടാല
41. നാളകേയവ
42. നൽക്കടയ
43. നായാടി
44. പടന്നൻ
45. പള്ളൻ
46. പള്ളുവൻ ( 19.12.96 ലെ ജി. ഒ.( പി ) 65/96/എസ്സി/എസ്റ്റി/ ഡി.ഡി. പ്രകാരം നിലവിലുള്ള പട്ടിക ജാതി ലിസ്റ്റിൽ പള്ളുവൻ എന്നത് കേരളത്തിലെ പുള്ളുവൻ.)
47. പംപാട
48. പാണൻ
49. പഞ്ചമ, പറയൻ
50. പറയൻ, സാംബവർ
51. പരമൻ
52. പതിയൻ
53. പെരുമണ്ണാൻ

54. പുലയൻ, ചേരമർ
55. പുലയവേട്ടുവൻ
56. പുതിരൈമണ്ണാൻ
57. റണൈയർ
58. സമഗാര
59. സാംബർ
60. സെമ്മാൻ
61. തണ്ടാൻ
62. തോട്ടി
63. വള്ളോൻ
64. വള്ളുവൻ
65. വേലൻ
66. വേടൻ
67. വേട്ടുവൻ

***<u>കേരളത്തിലെ പട്ടിക വർഗ്ഗക്കാർ</u>***

1. അടിയൻ
2. അരണ്ടൻ
3. ഇരവാലൻ
4. ഹിൽ പ◌ുലയൻ
5. ഇര◌ുളർ, ഇരുളൻ
6. കാടൻ
7. കമ്മാറ (പഴയ മലബാർ ജില്ലാ ഒഴികെ )
8. കാണിക്കാരൻ, കാണിക്കാർ
9. കാട്ടുനായിക്കൻ
10. കൊച്ചുവേലൻ
11. കൊണ്ടപ്പൂസ്.
12. കൊണ്ടറെഡ്ഡി
13. കൊരഗ
14. കൊട
15. കുടിയ, മേലകുടി
16. കുറിച്ചിയൻ
17. കുറുമൻ
18. ക◌ുറുംപൻ
19. മഹാമലസർ
20. മലഅരയൻ
21. മലപണ്ടാരം
22. മലവേടൻ
23. മലകുറുവൻ
24. മലസർ
25. മലയൻ (പഴയ മലബാർ ജില്ലാ ഒഴികെ )
26. മലയരയൻ

27. മസാൻ
28. മറാട്ടി ( കാസറഗോഡ് ജിലാലയിലെ ഹോസാ ദുർഗ്, കാസറഗോഡ്
താലൂക്കുകളിൽ മാത്രം )
29. മുതുവാൻ, മുഡുഗർ, മുഡുവൻ
30. പളൈയൻ
31. പള്ളിയൻ
32. പള്ളിയാർ
33. പണിയൻ
34. ഉള്ളാടൻ
35. ഊരാളി

***കേരളത്തിലെ ഒ. ഇ. സി. വിഭാഗം***

പട്ടികജാതിക്കാർക്ക് സാധാരണ ഗതിയിൽ അനുവദിനയമായ വിദ്യാഭായാസ ആനുക്കൂല്യങ്ങൾക്ക് അർഹതയുണ്ട് .

1. ചാക്കമർ
2. പെരുവണ്ണാൻ
3. പുള്ളുവൻ
4. തച്ചർ ( ആശാരി അല്ലാത്ത ) മുൻ മലബാർ പ്രദേശത്തൊഴികെ സംസ്ഥാനമൊട്ടാകെ.
5. വർണ്ണവൻ
6. മഡിഗ
7. ചെമ്മാൻ / ചെമ്മാർ
8. കുടുംബി
9. ധീവര / ധീരവൻ ( അരയൻ, വാലൻ, നുളയൻ, മുക്കുവൻ, അരയവാത്തി )
   വലഞ്ചിയർ
   പണിയാക്കൾ
   മൊകയ

   ബോവി / മൊഗയർ
   മൊഗവീരൻ

10. മതപരിവർത്തനം

11. കുശവൻ
    കുലാലൻ
    കുടുംബാരൻ
    വേളൻ
    ഓടാൻ
    ആന്ധ്രാ നായർ
    ആന്ദുരു നായർ

15. *കേരളത്തിൽ ഒ. ഇ. സി. വിഭാഗത്തിൽ വരുന്നത് ആർക്കെല്ലാം പട്ടികവർഗ്ഗക്കാർക്ക്*

*സാധാരണഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുക്കൂല്യങ്ങൾക്ക് അർഹതയുണ്ട് ?*

1. അള്ളർ ( ആളാൻ)
2. മലയൻ ( കൊണ്ട മലയൻ, പനിമലയൻ ) ( മുൻ മലബാർ പ്രദേശത്ത് മാത്രം )
3. മലവേടുവൻ
4. മലമുത്തൻ
5. കുണ്ടുവടിയൻ
6. പതിയൻ ( അലക്കുകാരല്ലാത്ത )
7. തച്ചനാടൻ മൂപ്പൻ
8. വയനാട് കാടർ
9. കലനാടി
10. ചിങ്ങത്താൻ
11. മലയാളർ
12. ഇത്തിഇരി വണ്ടാവൻ

***<u>കേരളത്തിലെ ' മറ്റ് പിന്നോക്ക വിഭാഗത്തിൽ' ( സംസ്ഥാനത്തൊട്ടാകെ ) പെടുന്നവർ</u>***

1. അഗസ
2. അംപലക്കാരൻ
3. ആഗ്ളോ ഇന്ത്യൻ
4. അരേമറാട്ടി
5. ആര്യ
6. ബണ്ഢരി
7. ബില്ലവ
8. ചക്കാലൻ
9. ചവളക്കാരൻ

10. ചെട്ടി ( കോട്ടാർ ചെട്ടി, പറചെട്ടി, ഏലൂർചെട്ടി, ആറ്റിങ്ങൽ ചെട്ടി, പുതുക്കട ചെട്ടി, ഇരണിയൽ ചെട്ടി, ശ്രീ പണ്ടാര ചെട്ടി, തെലുങ്ക് ചെട്ടി, ഉദിയൻകുളങ്ങര ചെട്ടി, പേരൂർക്കട ചെട്ടി, സാധു ചെട്ടി, 24 മന ചെട്ടി, വയനാടൻ ചെട്ടി, കലവറ ചെട്ടി. )

11. ദേവദിഗ
12. ദേവാംഗ
13. ധീവര (അരയൻ )
    വാലൻ
    നുളയൻ

മുക്കുവൻ
അരവയാത്തി
വളിഞ്ഞിയാർ
പണിയാക്കാൻ
മൂകയ
ബോവി - മൂകയാർ
മൂകവീരൻ

14. ഈഴവരും, തീയരും
15. ഈഴവാത്തി
16. എഴുത്തച്ഛ്ഃ
17. ഗണിക
18. ഗട്ടി
19. ഗൗഡ
20. ഹെഗഡെ
21. ഈഴുവൻ ( ഇല്ലുവൻ )
22. ജോഗി
23. കടുഘട്ടൻ
24. കയ്കോലൻ
25. കോലാശി
26. കളരികുറിപ്പ് ( കളരി പണിക്കർ )
27. വിശ്വകർമ്മ ( ആശാരി, ചപ്ത്തഗ്ര കല്ലാശാരിസ കൽത്തച്ഛൻ, കമ്മാള, കംസല, കത്താൻ, കരുവാൻ, കൂടാരൻ, കൊല്ലൻ, മലയാളകമ്മാള, മൂശാരി, പാണ്ടി കമ്മാള, പെരുംകൊല്ലൻ, തച്ചൻ, തട്ടാൻ, വിൽ കുറിപ്പ്, വില്ലാശാൻ, വിശ്വ ബ്രാഹ്മണൻ / വിശ്വ ബ്രാഹ്മണൻ, വിശ്വകർമാള.
28. കന്നടി
29, കണിശി അല്ലെങ്കിൽ കനിയാർ പണിക്കർ
 കാണി അല്ലെങ്കിൽ കനിയാൻ ( ഗണക ) അല്ലെങ്കിൽ കണിശാൻ അല്ലെങ്കിൽ കമ്നൻ
30. കാവ്യതിയ
31. കാവുടിയാരു
32. കൊടിയാൻ
33. കൃഷ്ണൻ വക
34. കേരളമുതലി
35. കുടുംബി

36. കുശന ( കുലാല ) കുലാലനായർ അല്ലെങ്കിൽ ആന്ധ്രനായർ / ആന്ദുരുനായർ
37. കുംബാരൻ
38. ലത്തിൻകത്തോലിക്കർ
39. മടിമല
40. മാപ്പിള
41. മറവൻ

42. മരുതുവർ
43. മുസ്ലീം.
44. നാടാർ ( ഹിന്ദു നാടാരും, എസ്. ഐ.യു. സി യിൽ ഉൾപ്പെട്ട നാടാരും.)
45. നായികൻ
46. ഓടൻ
47. ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ
48. പണ്ഡിതൻ
49. പന്നിയാർ
50. പട്ടാരു
51. പെരുംവണ്ണാൻ
52. പുള്ളുവൻ
53. രജപൂർ
54. ചക്രവർ
55. സൗരാഷ്ട്രർ
56. ശാലയർ
57. സേനയ്ത്തലവൻ
58. എസ്. ഐ.യു. സി ( 44 -ാം വിഭാഗത്തിൽ പറഞ്ഞിട്ടുള്ള നാടാർ ഒഴിച്ചുള്ളവർ
59. തച്ചൻ
60. തോർകകൊല്ലർ
61. തോട്ടിയാൻ
62. വടുവൻ, വടുഗൻ, വടുകർ, വടുക, ( വടുക്കൻ )
63. വേളാൻ
64. വാണിയൻ, ( വാണിക, വാണികവൈശ്യം, വണിഭച്ചെട്ടി, വാണിയച്ചെട്ടി., അയിരവർ. നാഗരതർ., വാണിയൻ
65. വാണിയന്ഡ
66. വക്കലിഗ
67. വീരശൈവ
68. വെളുത്തേടത്ത് നായർ.,( വെളുത്തേടൻ., വണ്ണത്താൻ )
69. വിളക്കിത്തല നായർ ( വിളക്കിത്തലവൻ )
70. യാദവന്ഡ ( കോലയ., ആയർ., മായർ., മണിയാണ്ടി., ഇരിമൻ )

*മലബാർ ജില്ലയിൽ*

1. ബോയൻ
2. ഗെൻജാം റെഡ്ഡി.
3. വിഷവൻ

*മലബാർ ജില്ല ഒഴികെ സംസ്ഥാനമൊട്ടാകെ*

1. കമ്മര
2. മലയൻ

3. മലയേക്കണ്ടി
4. റെഡ്ഡ്യാർ

*മലബാർ ജില്ലയലെ കാസറഗോഡ് താലൂക്ക് ഒഴികെ സംസ്ഥാനമൊട്ടാകെ*

1. മറാട്ടി

*മറ്റ് പിന്നോക്ക വിഭാഗ ലിസ്റ്റിൽ 'മലബാർ ജില്ല' എന്നത് കൊണ്ട്* അർത്ഥമാക്കുന്നത് 1956 ലെ സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ടിതെ സെക്ഷൻ 5 ൽ സെക്ഷൻ 2 ൽ പരാമർശിച്ചിട്ടിള്ള മലബാർ ഡിസ്ട്രിക്റ്റ് എന്നതാണ്.

*ജാതി സ്ർട്ടിഫിക്കറ്റ് അപേക്ഷ നിരസിക്കപ്പെട്ടാൽ മേൽ അപേക്ഷ*
റവന്യൂ ഡിപിഷണൽ ഓഫീസർക്കോ ജില്ലാ കളക്ടർക്കോ നല്കാവുന്നതാണ്.

19. *പട്ടിക ജാതി / പട്ടിക വർഗ്ഗ സർട്ടിഫിക്കറ്റ് നല്കുന്നതിന്* ജാതി സംബന്ധിച്ച് തീരുമാനിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഈ വിഷയം ' കിർത്താസിന്റ ' പരിഗണനയ്ക്ക് വിടുകയും, അവരുടെ നിർദ്ദേശമനുസിച്ച് നടപടി സ്വീകരിക്കുകയും ചെയ്യും.

അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ വില്ലേജ് ഓഫീസർ *ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച* തീരുമാനമെടുക്കുന്നതാണ്.